# Kerala Union of Working Journalists (KUWJ)

*Kesari Memorial Journalists' Trust*
Kesari Buildings, Mahatma Gandhi Road,Thiruvananthapuram-695 001
Phone 0471-2471909,2471701, kuwjtvm@gmail.com

പ്രിയ സുഹൃത്തെ,

നിയമസഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം ജില്ലയിലെ പോളിംഗ് ബൂത്തുകളിലും വോട്ടെണ്ണൽ കേന്ദ്രങ്ങളിലും റിപ്പോർട്ടിംഗിനായി പോകുന്ന മാധ്യമ പ്രവർത്തകർക്ക് പ്രത്യേക പാസ് അനുവദിക്കും. ഇതിനായി മാധ്യമപ്രവർത്തകരുടെ വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മാധ്യമ പ്രവർത്തകരുടെ വിശദാംശങ്ങളും മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോകളും സ്ഥാപന അധികൃതരുടെ സാക്ഷ്യപത്രം സഹിതം ഫെബ്രുവരി 20ന് വൈകിട്ട് അഞ്ചിന് മുമ്പ് പബ്ളിക് ഓഫീസ് കോമ്പൗണ്ടിലുള്ള സുതാര്യകേരളം സെല്ലിൽ നൽകണം. അക്രഡിറ്റേഷൻ ഉള്ള മാധ്യമപ്രവർത്തകർക്ക് സ്ഥാപനങ്ങൾ മുൻഗണന നൽകണം.

ഇതേ വിവരങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കാനായി എക്സൽ ഫോർമാറ്റിൽ dioprdtvm@gmail.com ഈമെയിൽ നിർബന്ധമായും അയക്കണം. എക്സൽ ആയി വിവരങ്ങൾ അയക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ.

## ഹരിതമുദ്ര അവാർഡിന് അപേക്ഷിക്കാം

ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങൾ വഴി മലയാളത്തിൽ പ്രസിദ്ധീകരിച്ച/പ്രക്ഷേപണം ചെയ്ത മികച്ച കാർഷിക പരിപാടിക്ക് കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ് ഹരിത മുദ്ര അവാർഡ് നൽകുന്നു. നോമിനേഷൻ ഏപ്രിൽ 15 ന് മുൻപ് ലഭിക്കും വിധം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ,തിരുവനന്തപുരം വിലാസത്തിൽ അയക്കണം. കവറിന്റെ പുറത്ത് ഹരിത മുദ്ര അവാർഡ് എന്ന് പ്രത്യേകം രേഖപ്പെടുത്തണം. 50,000 രൂപയും ശില്പവും പ്രശസ്തി പത്രവുമാണ് അവാർഡ്. അച്ചടി മാധ്യമങ്ങൾ കാർഷിക പംക്തികൾക്കുള്ള ഹരിത മുദ്ര അവാർഡിന് 2015-2016 വർഷം പ്രസിദ്ധീകരിച്ചതിൽ നിന്ന് തെരഞ്ഞെടുത്ത പത്ത് പംക്തികളുടെ വീതം ഫോട്ടോകോപ്പി സമർപ്പിക്കണം. ദൃശ്യമാധ്യമങ്ങൾ കാർഷിക പരിപാടികൾക്കുള്ള ഹരിത മുദ്ര അവാർഡിന് 2015-2016 വർഷം സംപ്രേക്ഷണം ചെയ്ത പരിപാടികളിൽ നിന്ന് തെരഞ്ഞെടുത്ത നാല് എപ്പി സോഡുകളുടെ ഡി.വി.ഡി സമർപ്പിക്കണം. ശ്രാവ്യ മാധ്യമങ്ങൾ പ്രക്ഷേപണം ചെയ്ത 2015-2016 വർഷത്തെ മലയാള കാർഷിക പരിപാടിയുടെ നാല് എപ്പിസോഡുകളുടെ സി.ഡി യും സമർപ്പിക്കണം. കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ സംപ്രേക്ഷണം ചെയ്ത കാർഷിക പരിപാടിയുടെ ടെലികാസ്റ്റ് സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിക്കണം. സമ്പർക്ക നമ്പർ 0471-2317314,9947695300

## കാനായികുഞ്ഞിരാമനും കുട്ടികളും:

ലോക മാതൃഭാഷാ ദിനത്തിൽ (21.20.2016) ഞായറാഴ്ച നിർമ്മിതികേന്ദ്രത്തിന്റെ മലയാളം പള്ളിക്കൂടവും കേസരി ട്രസ്റ്റും ചേർന്ന് മധുരം മലയാളം ആഘോഷിക്കുന്നു. കാനായിക്കൊപ്പം കേരളീയ വാസ്തുശിൽപ്പ നിർമ്മാണം ഒരുക്കാൻ കുട്ടികൾക്കും അവസരം ഉണ്ടാകും. മാധ്യമപ്രവർത്തകരുടെ 5വയസിനു മുകളിലുള്ള കുട്ടികൾക്ക് പങ്കെടുക്കാം. രാവിലെ 10മുതൽ 1 മണിവരെയാണ് സമയം. പ്രവേശനം സൗജന്യം. ഇത് സംബന്ധിച്ച് മറ്റു വിവരങ്ങൾക്ക് യൂണിയൻ മുൻ സെക്രട്ടറി സുരേഷ് വെള്ളിമംഗലവുമായി ബന്ധപ്പെടുക. 94471 54204

## മീറ്റ് ദ പ്രസ് പ്രോഗ്രാം — 21 ഞായറാഴ്ച ഉച്ചയ്ക്ക് 12 മണിന്

കേസരി ഹാളിൽ സി പി ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ.
എല്ലാമാധ്യമ സുഹൃത്തുക്കളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സി. റഹിം
പ്രസിഡന്റ്

ബി.എസ്. പ്രസന്നൻ
സെക്രട്ടറി